
ഗ.വ.ഹൈസ്കൂൾ കുറ്റ്യേരി
e കതിർ
alamy stock photo
ലിറ്റിൽ കൈറ്റ്സ് -2018-19
ഇ-മാഗസിൻ
little KITEs

# ആശംസ




വലിയ കാര്യത്തിന്റെ "ചെറിയ" തുടക്കം
"ലിറ്റിൽ കൈറ്റ്സ്" അണിയിച്ചൊരു
ക്കുന്ന ഇ-മാഗസിന് എല്ലാ വിധ
ആശംസകൾ നേരുന്നു.

Headmaster
GOVT. HIGH SCHOOL
KUTTIYERI

# പത്രാധിപസമിതി

| | | |
|---|---|---|
| രക്ഷാധികാരി | : | ശ്രീ .എൻ. പി. മുഹമ്മദലി(ഹെഡ് മാസ്റ്റർ,G.H.S. Kuttiyeri) |
| സ്റ്റാഫ് എഡിറ്റർ | : | ശ്രീമതി. ടി.പി.ശ്രീജ (kite master) |
| ഉപദേശക സമിതി | : | ശ്രീമതി . ലളിത .എം (സീനിയർ അസിസ്റ്റന്റ്) |
| | : | ശ്രീമതി. ഗീത.പി.സി.(വിദ്യാരംഗം കൺവീനർ) |
| | : | ശ്രീമതി. ഷീബ .പി.വി |
| | : | ശ്രീ . ഉമ്മർ .എം |
| | : | ശ്രീ അഷ്കർ അലി .പി.വി |
| പത്രാധിപസമിതി | : | അക്ഷയ് .എം |
| | : | ഫാത്തിമാബി |
| | : | അമൽ.കെ |
| | : | ഫവാസ്.പി |
| | : | ഹരികൃഷ്ണൻ.വി |
| | : | അശ്വിൻ.ഒ.വി |
| | : | ഗിരീഷ് കുമാർ.കെ |
| | : | വിപിൻ.കെ.വി |
| | : | നന്ദുലാൽ .പി |
| | : | ശ്രേയസ്.പി.പി |
| | : | അനാമിക.എം.എം |
| | : | ചൈതന്യ .ഇ.വി |


മയൂഖ.കെ
IX B
Roll 9

# തിരിഞ്ഞ് നോട്ടം

തളിപ്പറമ്പ് ജില്ലയിലെ, തളിപ്പറമ്പ് നോർത്ത് ഉപ ജില്ലയിൽ പെടുന്നതും പരിയാരം ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതുമായ സർക്കാർ സ്കൂൾ ആണ് കുറ്റേരി ഗവ ഹൈസ്കൂൾ.1954 ൽ ഒരു ഏകാധ്യപക വിദ്യാലയമായി മലബാർ ബോർഡിൻെറ കീഴിലാണ് സ്കൂൾ ആരംഭിച്ചത്.ആദ്യം ഒരു പീടിക മുറിയിലും പിന്നീട് നാട്ടിലെ വിദ്യാഭ്യാസ തൽപ്പരരായ ശ്രീ.പുഴക്കരകണ്ണൻ നായർ,മായൻ അബ്ദുള്ള ഹാജി എന്നിവരുടെ കെട്ടിടത്തിലുമാണ് സ്കൂൾ പ്രവർത്തിച്ചത്.തുടർന്ന് വിദ്യാലയം ബഹു അധ്യാപക വിദ്യാലയമായി മാറുകയും എൽ.പി.സകൂളായി ഉയർത്തുകയും ചെയ്തു.പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ ഗ്രാമവാസികൾക്ക് പരമാവധി പ്രയോജനകരമായിത്തീരുകയും ചെയ്തു.

1980 ൽ നമ്മുടെ വിദ്യാലയം യു.പി. സ്കൂളായി ഉയർത്തപ്പെട്ടു. അന്ന് 400 ലധികം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തിയിരുന്നു.നാടിന്റെ അഭിമാനമായി വിദ്യാലയത്തെ മാറ്റിയെടുക്കാൻനാട്ടുകാരും രക്ഷിതാക്കളും സർവ്വോപരി വിദ്യാർത്ഥികളും അധ്യാപകരും ഒത്തൊരുമിച്ച് പ്രവർത്തിക്കുകകണ്ടായി.1990 ആകുമ്പോഴേക്കും വിദ്യാലയത്തിൽ 500 നടുത്ത് കുട്ടികളും 20 ഓളം അധ്യാപകരും ഉണ്ടായിരുന്നു. ത്രിതല പഞ്ചായത്തുകളുടെയും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും എസ്.എസ്.എ യുടെയും സാമ്പത്തിക സഹായവും മേൽനോട്ടവും എല്ലാരംഗത്തും അത്ഭുത പൂർവ്വമായ നേട്ടം കൈവരിക്കാനിടയായി.പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ നിരവധി നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി.LSS ,USS, ശാസ്ത്ര ഗണിത ശാസ്ത്രപ്രവൃത്തി പരിചയമേളകൾ , വിജ്ഞാനോൽസവം എന്നിവയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തവും മികവും പ്രശംസനീയമായിരുന്നു.

2014 ൽ RMSA പദ്ധതി പ്രകാരംഹൈസ്കൂളായി ഉയർത്തപ്പെട്ടു. ശ്രീ ജെയിംസ് മാത്യു MLA യുടെയും നാട്ടുകാരുടെയും നിരന്തരം പരിശ്രമിച്ച 2015-16 ൽ ആദ്യത്തെ sslc ബാച്ച് പുറത്തിറങ്ങിയത് 100% വിജയത്തോടെ ആയിരുന്നു . 2016-17 ബാച്ചിൽ 100% വിജയത്തോടൊപ്പം മുഴുവൻ കുട്ടികളും ഉയർന്ന ഗ്രേഡും നേടി നമ്മുടെ നാടിന്റെ അഭിമാനതാരങ്ങളായി മാറി.മൂന്നാം വർഷവും ഉയർന്ന വിജയം നേടുന്നതോടൊപ്പം മികച്ച ഗ്രേഡുകൾ കരസ്ഥമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു

# ഇവർ പ്രതിഭകൾ

## സംസ്ഥാന ഗണിതശാസ്ത്രമേള

അപ്ലൈഡ് കൺസ്ട്രക്ഷൻ - അനാമിക . പി 9A 5th സ്ഥാനം A ഗ്രേഡ്

## ജില്ലാ പ്രവർത്തിപരിചയമേള

വുഡ് കാർവിംഗ് - ജീവ . എം. പി 8 B A ഗ്രേഡ്

## സബ്ജില്ല ഗണിതശാസ്ത്രമേള

സിംഗിൾ പ്രൊജക്റ്റ് - ലയന സുരേഷ് 8B 2nd A ഗ്രേഡ്

വർക്കിംഗ് മോഡൽ - അനുപ്രിയ 8B 2nd A ഗ്രേഡ്

നമ്പർ ചാർട്ട് - അദ്വൈത് രാമചന്ദ്രൻ 8A 2nd A ഗ്രേഡ്

അതർ ചാർട്ട് - നന്ദന .എം . പി 10 A 3rd A ഗ്രേഡ്

## സബ്ജില്ല സയൻസ് മേള

സ്റ്റിൽ മോഡൽ - ശഹാന ശെറിൻ 9A
അുല്ല്യ . സി 9 B 2nd A ഗ്രേഡ്

ഇംപ്രവൈഡ്സ് എക്സ്പിരമെന്റ് - സാബിത്ത് 8B
അഭിജിത്ത് 8B 3rd A ഗ്രേഡ്

സയൻസ് പ്രൊജക്റ്റ് - അപർണ 8A
അനാമിക . എം . എം 9B 3rd A ഗ്രേഡ്

## സബ്ജില്ല ഐ ടി മേള

ഐടി പ്രൊജക്റ്റ് - അവന്തിക . പി 3rd A ഗ്രേഡ്

# 2018-19 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# ഈ വർഷത്തെ പ്രവർത്തനങ്ങൾ

## പ്രവേശനോത്സവം (1/6/2018)

പി.ടി.എ പ്രസിഡണ്ട് ശ്രീ. പി.വി മനോഹരന്റെ അധ്യക്ഷതയിൽ പരിയാരം ഗ്രാമപഞ്ചായത്ത് അംഗവും, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാനുമായ ശ്രീ. പി.വി രഘു ഉദ്ഘാടനം ചെയ്തു. നവാഗതരെ തൊപ്പിയണിയിച്ച് ബലൂൺ നൽക് അസംബ്ലിയിലേക്ക് സ്വാഗതം ചെയ്തു. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി (HM, ലളിത ടീച്ചർ, ഉമ്മർ മാസ്റ്റർ). മധുര പലഹാര വിതരണവും നടന്നു. ഹെഡ്മാസ്റ്റർ സ്വാഗതവും ഉമ്മർ മാസ്റ്റർ നന്ദിയും പറഞ്ഞു.

## പരിസ്ഥിതി ദിനാചരണം(5/6/2018)

ലോക പരിസരദിനം സമുചിതമായി ആചരിച്ചു. വൃക്ഷത്തൈ

വിതരണം, ഒന്നാം ക്ലാസിലെ കുട്ടികൾക്കുള്ള പഠനകിറ്റ് വിതരണം, പഞ്ചായത്തിന്റെ വെയിസ്റ്റ്ബിൻ കൈമാറ്റം എന്നിവയുടെ ഉദ്ഘാടനം പരിയാരം പഞ്ചായത്ത് പ്രസിഡന്റ് എ. രാജേഷ്, വൈസ് പ്രസിഡന്റ് ശ്രീമതി രമ എന്നിവർ ചേർന്ന് നിർവഹിച്ചു. ഔഷധ സസ്യവും പരിസ്ഥിതിയും എന്ന വിഷയത്തെ കുറിച്ച് ശ്രീ രവീന്ദ്രൻ അവർകൾ ക്ലാസെടുത്തു. അനിഷ ഉണ്ണികൃഷ്ണൻ പരിസ്ഥിതിദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വിദ്യാരംഗം കലാസാഹിത്യവേദി അംഗങ്ങൾ കവിത ആലാപിച്ചു. ഹെഡ്മാസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങിന് സജിഷടീച്ചർആശംസ അർപ്പിച്ചു. ലളിത ടീച്ചർ നന്ദി പറഞ്ഞു. ക്വിസ് മത്സരം, പോസ്റ്റർ രചനാ മത്സരം, പ്ലക്കാർഡ് നിർമ്മാണ മത്സരം എന്നിവ തുടർന്ന് സംഘടിപ്പിച്ചു.

## വായനപക്ഷാചരണവും, വിവിധ ക്ലാസുകളുടെ ഉദ്ഘാടനവും(19/6/2018)

കുറ്റ്യേരി ഗവ: ഹൈസ്കൂളിൽ വായനാപക്ഷാചരണവും, വിവിധ ക്ലബ്ബുകളുടേയും ഉദ്ഘാടനം പ്രശസ്ത കവിയും ചിത്രാരനമായ ശ്രീ സോമൻ കടലൂർ നിർവഹിച്ചു. പതിപ്പ് പ്രകാശനം, വായന ദിന പ്രതിജ്ഞ, നാടൻരപാട്ട്, കവിതാലാപനം എന്നിവയും ഉണ്ടായി. എം. ചന്ദ്രൻമാസ്റ്റർ, ലത ടീച്ചർ, ഹാരിസ് മാസ്റ്റർ, റീന

ടീച്ചർ, അനാമിക.പി എന്നിവരും സംസാരിച്ചു. ഹെഡ്മാസ്റ്റർ ശ്രീ എൻ. പി മുഹമ്മദലി അധ്യക്ഷത വഹിച്ച ചടങ്ങിൽ എം. ലളിത സ്വാഗതവും കെ.വി രമ നന്ദിയും പറഞ്ഞു.

## യോഗദിനാചരണം(21/6/2018)

അന്താരാഷ്ട്ര യോഗാ ദിനാചരണത്തോടനുബന്ധിച്ച് യോഗാ മാസ്റ്റർ
സി. വി സന്തോഷ് കുമാറിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് യോഗ പരിശീലനം നൽകി ഹെഡ്മാസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഉമ്മർ മാസ്റ്റർ നന്ദി പറഞ്ഞു.

## ചാന്ദ്രദിനാചരണം(21/6/2018)

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചന്ദ്രദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ചാന്ദ്രദിന ക്വിസ്, സിഡി പ്രദർശനം, ചാന്ദ്രദിന ഉപന്യാസ മത്സരം എന്നിവ ഉണ്ടായി. ചാന്ദ്രദിന ചുമർപത്രിക പ്രദർശനവും അരങ്ങേറി.

## ലഹരിവിരുദ്ധ ദിനാചരണം(26/6/2018)

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ പ്രതിജ്ഞ സ്കൂൾ ലീഡർ ചൊല്ലിക്കൊടുത്തു. പോസ്റ്റർ രചന,ലഹരി വിരുദ്ധ ക്ലാസ് എന്നിവ നടത്തി. ഹെഡ്മാസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സുമേഷ് മാസ്റ്റർ സ്വാഗതവും ഉമ്മർ മാസ്റ്റർ നന്ദിയും പറഞ്ഞു.

## വിജയോത്സവം(3/7/2018)

S.S.L.C, L.S.S, U.S.S, NMMS വിജയികളെ അനുമോദിക്കാൻ വിജയോത്സവം സംഘടിപ്പിച്ചു. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ടി. ലത ഉദ്ഘാടനം ചെയ്തു. ശ്രീ എ രാജേഷ് (പ്രസിഡന്റ്, പരിയാരം ഗ്രാമ പഞ്ചായത്ത്) ഉപഹാര സമർപ്പണം നടത്തി. ഗ്രാമ പഞ്ചായത്തംഗങ്ങൾ, എസ്. എസ്.ജി കൺവീനർ എം. ചന്ദ്രൻ മാസ്റ്റർ എന്നിവർ ആശംസകൾ നേർന്നു. ബി.പി.ഒ ശ്രീ എസ്. പി രമേശൻ മാസ്റ്റർ അനുമോദന പ്രസംഗം നടത്തി. പി. ടി. എ പ്രസിഡണ്ട് ശ്രീ പി. വി മനോഹരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീമതി കെ. വി രമ ടീച്ചർ സ്വാഗതവും എം. ഉമ്മർ മാസ്റ്റർ നന്ദിയും പറഞ്ഞു.

## ബഷീർ അനുസ്മരണം(5/7/2018)

ജൂലായ് 5 ബഷീർ ദിനാചരണത്തിന് തുടക്കം കുറിച്ചു. അനുസ്മരണച്ചടങ്ങിൽ ഹെഡ്മാസ്റ്റർ ശ്രീ എൻ. പി മുഹമ്മദലി, എം ലളിത ടീച്ചർ, ഉമ്മർമാസ്റ്റർ, യശസ്വിനി(10-b)എന്നിവർ സംസാരിച്ചു. പുസ്തക പ്രദർശനം, ചിത്രീകരണം എന്നിവയും നടത്താൻ തീരുമാനിച്ചു.

## ജനസംഖ്യാ ദിനാചരണം(11/7/2018)

ജനസംഖ്യാ ദിനാചരണത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ നടത്തി. പോസ്റ്റർ രചന, പ്രസംഗ മത്സരം എന്നിവ സംഘടിപ്പിച്ചു.

## ഗണിതശാസ്ത്രദിനാചരണം(4/8/2018)

ഗണിതദിനാചരണവുമായി ബന്ധപ്പെട്ട് മാത്തമാറ്റിക്ക ശില്പശാല സംഘടിപ്പിച്ചു. പി.ടി. എ പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.വി രമ ഉദ്ഘാടനം ചെയ്തു. ശ്രീ സി. മനോഹരൻ, ശ്രീ ടി.പി പ്രകാശൻ, ശ്രീ ടി. വിജയകുമാർ, ശ്രീ കെ. സി ഉബൈദുല്ല എന്നിവർ ക്ലാസുകൾ നയിച്ചു. വിദ്യാഭ്യാസ ജില്ലയിലെ കുട്ടികൾക്കായി ഗണിത പ്രശ്ന പരിഹാര മത്സരം സംഘടിപ്പിച്ചു. 18 കുട്ടികൾ പങ്കെടുത്തു.

## ഹിരോഷിമ-നാഗസാക്കി ദിനാചരണം(6/8/2018)

ഹിരോഷിമ-നാഗസാക്കി ദിനാചരണങ്ങളുടെ ഭാഗമായി വിവിധ പരിപാടികൾ നടന്നു വരുന്നു. ഇന്ന് രാവിലെ സമാധാന റാലി സംഘടിപ്പിച്ചു.

## പിഞ്ചുകൈകളിൽ അഞ്ചുകോഴികൾ(14/8/2018)

പരിയാരം ഗ്രാമപഞ്ചായത്തിന്റെയും കൃഷി ഭവന്റെയും സംയുക്താഭിമുഖ്യത്തിൽ പിഞ്ചു കൈകളിൽ അഞ്ചു കോഴികൾ എന്ന പരിപാടി നടന്നു. തെരഞ്ഞെടുക്കപ്പെട്ട 50 കുട്ടികൾക്ക് കോഴികളെ നൽകി.

## ക്യാൻസർ ബോധവൽക്കരണ ക്ലാസ്(31/8/2018)

പരിയാരം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ക്യാൻസർ ബോധവൽക്കരണ ക്ലാസ് നടന്നു. (ഭീതിയല്ല, പ്രതിരോധം) ഹോമിയോ ഡിസ്പെൻസറിയിലെ ഡോ. സംഗീത ക്ലാസ് നയിച്ചു. വാർഡ് മെമ്പർ പി.പി രഘു അധ്യക്ഷത വഹിച്ചു.

ചെറുകഥ

# ഗൃഹാതുരത്വം

ക്യാൻസർ വന്നപ്പോഴാണ് അയാൾക്ക് കറുകപ്പുല്ല് ഓർമ്മവന്നത്. ലെനോവയുടെ ടാബ് കയ്യിൽ എടുത്ത് കൊണ്ട് അയാൾ ഗൂഗിളിൽ തൊട്ടു. വിരലുകൾ നൃത്തം ചെയ്തു.

“Karukappull”

സ്ക്രീനിൽ ചെറുതും വലുതുമായ കറുകപ്പുല്ലുകൾ മുളച്ച് പൊന്തി. എന്തോ ഓർത്തു കൊണ്ടയാൾ ജാലകത്തിലൂടെ പുറത്തേക്ക്

നോക്കി. അപ്പോഴും വരണ്ട ഭൂമി അയാളെ നോക്കി കൊഞ്ഞനം കുത്തുന്നുണ്ടായിരുന്നു.

മുഷ്ഫിറ.എം.എം

# ഓർമ്മകൾ

കൈതൊട്ടുവണങ്ങിക്കുന്നെനമ്മയാം പ്രകൃതിയെ
ആദരണീയമാം മലയാളത്തറവാടിനെ
വീണ്ടെടുക്കാമാ പ്രകൃതിയെ ഞങ്ങൾ
കൈകോർത്തു എന്നെന്നും സ്വീകരിക്കാം
ചേനയും കപ്പയും മാങ്ങയും തിന്നാം
വെയിലേറ്റ പാടലിൻ വരമ്പിൽ നടക്കാം.
തേനൂറും മധുരിക്ക തിന്നാം
വിദ്യാലയത്തുമ്പിലിരുന്നുകൊണ്ട്
ഇനിയുമൊരോർമ്മകൾക്കെന്തുഗുന്തം
ഓർമ്മകൾ.... ഓർകൾ മാത്രമായ്

അനിഷ ഉണ്ണിക്കൃഷ്ണൻ
10-A

# എന്റെ കേരളം



സ്നേഹമുള്ള മലനാട്
സ്നേഹം പകർന്ന മലനാട്
കേരള വൃക്ഷവും
കേരള പുഷ്പവും
എല്ലാം നിറഞ്ഞൊരു മലനാട്
കേരള ഗാന്ധി
കെ.കേളപ്പനും
ഇ.എം.എസും ചേർന്ന മലനാട്
പച്ചപ്പുൽമേടുകൾ കുന്നുകൾ കാടുകൾ
ഒത്തുചേർന്നുള്ളൊരു പുണ്യനാട്
എന്നഭിമാനമാണെന്റെ നാട്

ദേവർഷ പ്രകാശൻ

# തണലില്ലാത്ത തണൽമരം

പൊട്ടിപൊളിഞ്ഞ റോഡിലൂടെ എങ്ങോട്ടെന്നില്ലാതെ ആ സ്ത്രീ തന്റെ ആകെ സമ്പാദ്യമായ തുണി സഞ്ചിയുമായി നടക്കുകയാണ്. ജീവിതമാകുന്ന പാത്രത്തിലെ കയ്പ്പേറിയ അനുഭവങ്ങൾ മാത്രം രസിച്ച് അവർക്ക് തന്റെ കയ്യിലെ തുണിസഞ്ചിതാങ്ങായിഎന്നുമുണ്ടായിരുന്നു .നിർജീവമായകണ്ണുകൾആരെയൊക്കെയോ കാണാൻ കൊതിക്കുന്നുണ്ടായിരുന്നു . കയ്യിലെ വിയർപ്പ് നനഞ്ഞ് കുളിർത്ത തുണിസഞ്ചി അവരെ എന്തൊക്കെയോ ഓർമ്മിപ്പിച്ചു.

തന്റെ ആദ്യത്തെ മകന് ആദ്യാക്ഷരം കുറിക്കാനായി പോയപ്പൊഴാണ് താൻ അത് ആദ്യമായി വാങ്ങിയത്.പിന്നീട് അവന്റെ ഓരോ വളർച്ചയും അവരുടെ കണ്ണിനെ കുളിരണിയിച്ചു. അച്ഛനില്ലാത്ത തന്റെ മൂന്നു മക്കളുടെ ആവശ്യങ്ങൾ അവർ എന്നും നിറവേറ്റികൊടുത്തിരിക്കുന്നു. ചങ്കിൽ കനൽ എരിയുമ്പോഴും വയർ തീച്ചൂളയാകുമ്പോഴും അവർ എന്നും സ്വപ്നം കണ്ടിരുന്നത് തന്റെ മക്കളുടെ ഉയർച്ചയായിരുന്നു. സ്വന്തമായ വീടൊ പറമ്പോ ഇല്ലാത്ത അവർക്ക് എന്നും മേൽക്കൂരയായി സ്നേഹം കൊണ്ട് പണികഴിപ്പിച്ച വലിയ കൂടാരം ഉണ്ടായിരുന്നു.

അമ്മയുടെ മാറിലെ വേണ്ടിയേ തന്റെ മക്കൾ വാശി പിടിക്കുന്നത് അവർ കണ്ടിട്ടുണ്ടായിരുന്നു. അമ്മയുടെ കൈകൾക്ക് വേണ്ടിയും അവർ മൽസരിച്ചിരുന്നു. അന്തിയാകുന്നതുവരെ മറ്റു വീട്ടിലെ പാത്രം കഴുകിയാണ് അമ്മ വളർത്തിയത് . പെട്ടെന്ന് പിറകോട്ട് മറിച്ച ജീവിതതാളുകൾ അവർ മുന്നോട്ട് മറിച്ചു . ചുറ്റിലും നോക്കി എന്നും തനിക്കും തന്റെ കുടുംബത്തിനും തണലായ ഈശ്വരന്റെ മുന്നിലായിരുന്നു എത്തിയത് . എന്നും ഈശ്വരന്റെ മുന്നിൽ ഭക്തി മാത്രമാണ് ആ മനസ്സിൽ തുളുമ്പിയത് . തന്റെ ശരീരം ഒരു ഇരുപ്പിടത്തിനായി കൊതിക്കുന്നു എന്ന് അവർ തിരിച്ചറിഞ്ഞു.

അമ്പലത്തിലെ ആൽമരത്തിൽ അവർ തലചായിച്ചു. വീണ്ടും

അവർ തന്റെ ജീവിതതാളുകൾ പിന്നോട്ട് മറിച്ചു. തന്റെ രണ്ടാമത്തെ മകളുടെ സീമന്തരേഖയിൽ കുങ്കുമം വീണ ആ ദിവസംതന്റെ ജീവിതത്തിലെ മറക്കാനാവാത്ത ദിവസം. പിന്നീട് രണ്ട് ആൺ മക്കളും വിവാഹിതരായി.

തന്റെ മാതൃത്വത്തിനു വേണ്ടി മാത്രം മൽസരിച്ച തന്റെ മക്കൾ മറ്റെന്തിനൊ വേണ്ടി മൽസരിക്കുന്നു.

കുത്തുവാക്കുകളും പരിഹാസനോട്ടങ്ങളും കനത്തപ്പോൾ തന്നെ മുകളിലെടുക്കാനായി പ്രാർഥിച്ചു.അവസാനം വിധിനിർണയദിനം കടന്നു വന്നു.മൂന്നുമക്കളും ഒഴിഞ്ഞസ്ഥലത്തേക്ക് തള്ളിവിട്ടു.തന്റെ മക്കളുടെ കുഞ്ഞുടുപ്പ് മാറോട് ചേർത്തുവച്ചു .

എങ്ങോട്ട് പോകണമെന്ന് അറിയാതെ അവർ തിമിരം ബാധിച്ച കണ്ണുകൾ അടച്ചു.

എന്നന്നേക്കുമായി...........

ശ്രേയ സുരേഷ്

10 B

# വെറുക്കപ്പെട്ട അമ്മ

നീയുറങ്ങും വരെ ഞാനുറങ്ങാതെ
കത്തുന്ന പകലിൽ തണലേകി
പുൽച്ചെടിയിൽ നിന്നുംനിന്നെ ഞാൻ
വൻമരമാക്കി.
അമേരിക്കയിൽ ഡോക്ടറായി
നീ തളിർക്കുമ്പോൾ
രോഗിയാമീ അമ്മയെ നീ
വെറുക്കപ്പെട്ടവളാക്കി.
ഞാൻ കിടന്നുനീറുമ്പോൾ
നീ എവിടെയാണ് മകനേ
ലണ്ടനിലോ?
അമേരിക്കയിലെ ബംഗ്ലാവിലോ?




അർച്ചന
7-A



# കാറ്റിനോട്


കുഞ്ഞിക്കാറ്റേ പൂങ്കാറ്റെ
നിന്നോടൊന്നു പറഞ്ഞോട്ടെ
കണ്ടിട്ടൊന്നും മിണ്ടാതെ
മട്ടുന്നെന്തേ ചങ്ങാതി?
ഇലകളെയിക്കിളിയാക്കാനും
പൂക്കൾക്കുമ്മകൊടുക്കാനും
പൂമണമേന്തി നടക്കാനും
നിന്നെയാരു പടിപ്പിച്ചു?

# മിഠായി



ഹായ് ഹായ് മിഠായി
മധുരം ഗുകും മിഠായി
ലോലിപ്പോപ്പെന്നൊരു മിഠായി
കുഞ്ഞിന്റിഷ്ട മിഠായി
വർണ്ണക്കടലാസിൽ പൊതിഞ്ഞ മിഠായി
കുട്ടികളെ വശീകരിക്കും മിഠായി
കുഞ്ഞുണ്ണിമാഷിൻ വാക്കോർക്കാം
അധികം തിന്നാൽ കഷ്ടാണേ......

അശ്വന്ത്.ഒ.വി
7-C


മയൂഖ.കെ
IX B
Roll 9

# കരിമ്പം ഫാമിലേക്ക് ഒരു പഠന യാത്ര

ഏറെ നാളായി കരിമ്പം ഫാം സന്ദർശിക്കണമെന്ന് ഇന്നാണ് സഫലമായത് . ഞങ്ങൾ ഏഴാം ക്ലാസ്സിലെ 75 കുട്ടികളും നാല്



അധ്യാപകരും 10.15 ന് സ്കൂൾ ബസ്സിൽ യാത്ര പുറപ്പെട്ടു . എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു. കുറ്റ്യേരിയിലെ കതിരണിഞ്ഞു നിൽക്കുന്ന നെല്പ്പാടങ്ങളോട് യാത്ര പറഞ്ഞുകൊണ്ട് ഞങ്ങളുടെ ബസ്സ് മുന്നോട്ട് നീങ്ങി .

മുൻകൂട്ടി അനുവാദം വാങ്ങിയതുകൊണ്ട് അവിടെ ഞങ്ങൾക്ക് നല്ല സ്വീകരണമാണ് ലഭിച്ചത് . സുമേഷ് എന്ന ഗൈഡ് ഞങ്ങൾക്ക് പലതരം ചെടികൾ പരിചയപ്പെടുത്തി തന്നു. ഏറെ ഔഷധഗുണമുള്ള അഗത്തിച്ചീര ആഫ്രിക്കൻ മല്ലി , മലതാങ്ങി തുടങ്ങിയ ചെടികളും നക്ഷത്ര മരങ്ങളും പരിചയപ്പെട്ടു. അനിഴത്തിന് ഇലഞ്ഞിയും ചതയത്തിന് കടമ്പും അവിട്ടത്തിന് വഹ്നിയും തൃക്കേട്ടയ്ക്ക് വെട്ടിയും ആമ് മരമെന്ന് ഞാൻ നോട്ട്ബുക്കിൽ കുറിച്ച് വച്ചു. കൂട്ടത്തിൽ

സന്താനങ്ങളില്ലാത്ത ദമ്പതിമാർക്ക് ഔഷധമായി ഉപയോഗപ്പെടുന്ന 'ദുരിയൻ ചക്കയെ' ക്കുറിച്ചും അറിയാൻ സാധിച്ചു . വിൽപ്പനയാക്കായി ഉരുക്കിവച്ചിരിക്കുന്ന ടിഷ്യൂവാഴക്കന്നുകളും കാബേജ് , കോളിഫ്ളവർ,പച്ചമുളക്, വഴുതിന എന്നിവയുടെ തൈകളും നിരീക്ഷിച്ച് ഞങ്ങൾ വിശ്രമകേന്ദ്രത്തിലേക്ക് പോയി . അവിടെവച്ച് മോഹനൻ സാർ ഞങ്ങൾക്ക് ബഡ്ഡിങ്ങ് , ഗ്രാഫ്റ്റിങ്ങ് , ലെയറിങ്ങ് എന്താണെന്ന് പറഞ്ഞ് തരുകയും കാണിച്ചു തരികയുംചെയ്തു . അതോടൊപ്പം ഫാമിന്റെ ചരിത്രവും പറഞ്ഞ് തന്നു.

1905 ൽ ചാൾസ് ആൽഫ്രഡ് ബാർബർ എന്ന ബ്രിട്ടീഷുകാരനാണ് ഈ ജില്ലാ കൃഷിത്തോട്ടം സ്ഥാപിച്ചത് . അന്നത്തെ ജനങ്ങൾ വളരെയേറെ ദാരിദ്ര്യം അനുഭവിക്കുന്നവരായിരുന്നു. ഈ ദാരിദ്ര്യം ഒഴിവാക്കാനാണ് കൃഷിചെയ്തു തുടങ്ങിയത്. 1 മുതൽ 16 ബ്ലോക്കുകളിലായി 56 ഹെക്ടർ ( 140 ഏക്കർ)സ്ഥലത്ത് ഈസ്ഥലത്ത് ഈതോട്ടം വ്യാപിച്ചു കിടക്കുന്നു. കർഷകർക്കാവശ്യമുള്ള ചെടികൾ ,വൃക്ഷത്തൈകൾ ,പച്ചക്കറി വിത്തുകൾ എന്നിവ തയ്യാറാക്കി നൽകുകയാണ് ഫാമിന്റെ ലക്ഷ്യം . 70 ഇനം മാവുകൾഇവിടെയുണ്ടത്രെ ! h45, h87, h 151 തുടങ്ങിയവ അവയിൽ ചിലത് മാത്രം . ഞങ്ങൾ ,ലെയറിംഗ് നടത്തിയ ലെവിലെവി എന്ന മരത്തിലെ കായ്കൾ പറിച്ചു തിന്നു . സാധാരണയായി ഗ്രാഫ്റ്റിംഗിന് ഒരേയിനം ചെടികൽ മാത്രമേ തെരഞ്ഞെടുക്കാറുള്ളൂ . എന്നാൽ സപ്പോട്ട ഗ്രാഫ്റ്റ് ചെയ്യാൻ കിർണി എന്ന ചെടി ഉപയോഗിക്കുമെന്നും മനസ്സിലാക്കാൻ കഴിഞ്ഞു .

ജില്ലാകൃഷിത്തോട്ടത്തിന്റെ ഭാഗമായി സംരക്ഷിച്ച് നിർത്തിയിട്ടുള്ള 5 ഏക്കർ വിസ്തൃതിയുള്ള ജൈവവൈവിധ്യമേഖലയിലേക്കാണ് പിന്നീട് ഞങ്ങളെക്കൂട്ടിക്കൊണ്ട് പോയത് . അവിടെ വീണു കിടക്കുന്ന പുലിയുടെ പ്രതിമ ഞങ്ങളെ അത്ഭുതപ്പെടുത്തി. വൃക്ഷങ്ങളുടെ പേരുകൾ ഓരോന്നിലും

എഴുതിവച്ചിട്ടുണ്ടായിരുന്നു. നമ്മുടെ നാട്ടിലെ കുറുക്കുട്ടി എന്ന മരത്തിന് ' ചെങ്കൊല്ലി ' എന്നും പേരുണ്ടെന്ന് മനസ്സിലായി.

വിത്തുവിതരണകേന്ദ്രത്തിനൽ പയറ് ,വെണ്ട, കയ്പ, താലോലി.ചീര തുടങ്ങിയവയുടെ വിത്തുകൾ വിൽപ്പനയ്ക്കായി വച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ വിത്തുകൾ വാങ്ങി. ഗേറ്റിനടുത്തായി ഇരുണ്ട പച്ച നിറത്തിൽ തലയുയർത്തിനില്ക്കുന്ന രാജപുളിയുടെ ചോട്ടിൽ അൽപ്പനേരം കാത്തിരിക്കുമ്പോഴേക്കും ബസ്സെത്തി.

130ാം ബ്ലോക്കിലുള്ള ബാര്ബർ സായ്പിന്റെ ബംഗ്ലാവിലേക്കാണ് ഞങ്ങൾ പോയത് . 100 വർഷങ്ങൾക്ക് മുമ്പ് സായിപ്പ് താമസിച്ചിരുന്ന വീടായിരുന്നു അത്. അതിനോട് ചേർന്ന് ഒരു കുതിരാലയവും ചുറ്റും മനോഹരവുമായ പൂന്തോട്ടവും ഉണ്ട് . ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന വിവിഗിരി,
ശ്രീമതി ഇന്ദിരാഗാന്ധി , മുഖ്യമന്ത്രിയായിരുന്ന ശ്രീ കരുണാകരൻ , നായനാർ തുടങ്ങിയവർ ഇവിടെ താമസ്സിച്ചിട്ടുണ്ടത്രേ ........ ആ സമയത്ത് അവർ നട്ടമാവുകൾ പടർന്ന് പന്തലിച്ച് നിൽക്കുന്നത് ഞങ്ങൾ ആദരപൂർവം നോക്കിനിന്നു.

കൃത്യം 12.30 ന് ഞങ്ങൾ ഫാമിനോട് വിട പറഞ്ഞു. ഈ സന്ദർശനത്തിന്റെ മാധുര്യം ആസ്വദിച്ച് കൊണ്ട് അള്ളാംകുളം ,സെയ്ദ്നഗർ, കാര്യാമ്പലം വഴി എളുപ്പത്തിൽ സ്കൂളിൽ എത്തിച്ചേർന്നു.

# അമ്മയുടെ കണ്ണീർ മഴയായ് പെയ്തു

മഞ്ചാടിമനയ്ക്കലിലെ ഒരു ഗ്രാമത്തിലെ കൊച്ചു വീട്ടിൽ താമസിക്കുകയാണ് ഞാൻ. എനിക്ക് ഒരു ഏട്ടനും ഏച്ചിയും ഉണ്ടായിരുന്നു. എന്റെ അമ്മയ്ക്ക് എവിടെയും ജോലിക്ക് പോകാൻ കഴിയില്ലായിരുന്നു. എന്നാൽ ഒട്ടും അവരുടെ ഭർത്താവ് ജോലിക്ക് പോവുകയും ചെയ്തിരുന്നില്ല. ചെറുപ്പം മുതലെ കഷ്ടപ്പെട്ട് അമ്മ നമ്മെ വളർത്തി വലുതാക്കി. അമ്മയ്ക്ക് വയ്യാതെ വന്നപ്പോൾ സ്വന്തം മകനെ പഠിക്കാൻ വിടാതെ ജോലിക്കയച്ചു. പക്ഷെ, അന്ന് മുതൽ ആ മകന് അമ്മ എന്ന വാക്ക് വെറുപ്പായി മാറി. ആ അമ്മയാണ് മകനെ വലുതാക്കിയത് എന്ന് മകന് മറന്ന് പോയി. അന്നു മുതൽ അമ്മയുടെ മനസ്സിൽ ഒരു പൊള്ളലേറ്റു. കുറച്ച് ദിവസത്തിനു ശേഷം അമ്മയെ മകളും വെറുക്കാൻ തുടങ്ങി. അമ്മ അടുക്കളയിൽ നിന്ന് ജോലി ചെയ്യുമ്പോഴും അമ്മയുടെ മനസ്സ് മകന്റെയും മകളുടെയും അരികിലേക്ക് വന്നു. മകനും മകളും ഭക്ഷണം കഴിക്കുമ്പോഴും അമ്മ ഒന്നും തിന്നില്ല. ഓരോ ദിവസം കൂടുംതോറും അമ്മയുടെ വേദനകൾ വളരായി കൊണ്ടു. അതൊന്നും ആരും കണ്ടില്ല. ആരും അമ്മയുടെ വിഷമം മനസ്സിലാക്കിയിട്ടുമില്ല. എന്തെന്നുമറിയാതെ അമ്മയുടെ മനസ്സ് വേദനിച്ചു കൊണ്ടിരുന്നു. അമ്മ ചോറ് ആക്കി വെച്ചാലും അമ്മ ഒന്നും തിന്നുകയില്ല. അമ്മയുടെ മനസ്സ് വേദനിക്കുകയും കരച്ചിൽ കൂടിവരികയും ചെയ്തു. അങ്ങനെ അമ്മയുടെ രോഗം അമ്മയെ
കൊണ്ടു പോയി. അങ്ങനെ അമ്മയുടെ കണ്ണീർ മഴയായി പെയ്തുകൊണ്ടിരുന്നു. മക്കൾക്ക് അത് മനസ്സിലായില്ല. നല്ല മഴയായി പെയ്തിട്ടും മക്കൾ തണുത്തു വിറച്ചു. അത് അമ്മയുടെ കണ്ണീരാണ് എന്ന് മക്കൾ അറിഞ്ഞില്ല. അമ്മയുടെ കണ്ണീർ മഴയായി, മിന്നലായി, ഇടിയായി മാറികൊണ്ടേയിരുന്നു.

അനശ്വര ശശികുമാർ

9-A

# കൊതിയൻ കുട്ടനും ചന്തുവും

നേരം വെളുത്തു വരുന്നതെയുള്ളു. ചന്തു മാമ്പഴക്കുട്ടയുംഎടുത്ത് ചന്തയിലേക്ക് നടന്നു.കുന്നിനുംപാടത്തിനും അരുവികൾക്കുമപ്പുറത്താണ് ചന്ത.രാവിലെ ചന്തയിൽ തിരക്ക് കുറവായിരിക്കും.നേരത്തെ എത്തണം. പെട്ടെന്ന് ചന്തുവിന്റെ കാല് കല്ലിലൊന്ന് തട്ടി.മാങ്ങക്കുട്ട ചരിഞ്ഞു.കുട്ടയിൽ നിന്ന് ഒരു മാമ്പഴം വീണു.ചന്തു അതറിഞ്ഞതെയില്ല.പിന്നാലെ വരികയായിരുന്ന കുട്ടൻ ഹായ്! മാമ്പഴമെന്ന് പറഞ്ഞ് അവൻ ഉടൻ തന്നെ അതെടുത്ത് വയറ്റിലാക്കി.അതിന്റെ മാങ്ങ അണ്ടി അവൻ വലിച്ചെറിഞ്ഞു.ആ നിലം പൊത്തിക്കിടക്കുന്ന മാങ്ങ പറഞ്ഞു.ഞാനും വളർന്നൊരു തേന്മാവാകും



# ഭാരത് ഹമാരാ ദേശ്........

ഇന്നത്തെ സ്കൂൾ അസംബ്ലി 9A യുടെ വകയായിരുന്നു. അന്തരീക്ഷം കാർമേഘാവൃതമായിരുന്നുവെങ്കിലും അസംബ്ലിയുടെ ബെൽ മൂന്നുവട്ടം മുഴങ്ങി. മഴ പെയ്താലോ എന്നു കരുതി ഒന്നാം ക്ലാസുകാരെ വരാന്തയിൽ നിർത്തി. മറ്റുള്ളവർ പെട്ടെന്നു തന്നെ ക്രമമായി നിന്നു.എന്തെങ്കിലും പിഴവുകൾ ഉണ്ടെങ്കിൽ ക്ഷമിക്കണം എന്നു പറഞ്ഞ് വരദച്ചേച്ചി അസംബ്ലി തുടങ്ങി.ഇന്ന് ഹിന്ദിയിലാണ് അസംബ്ലി എന്നു മനസ്സിലായത്. കവിപരിപയം,ബാലാമണിയമ്മ അനുസ്മരണം,മഹദ്വചനം,എല്ലാം ഹിന്ദിയിലായിരുന്നു.ഹെഡ്മാസ്ററും ഹിന്ദിയിൽ സംസാരിച്ചു.

ഒട്ടുംപിഴവില്ലാതെ എല്ലാം ഭംഗിയായി നിർ വഹിച്ച കുട്ടിക ൾക്കും അവരെ തയ്യാറാക്കിയ സുമേഷ് മാസ്ററർക്കും അഭിനന്ദനങ്ങൾ നേർന്നു.

# കാറ്റിനോട്

കുഞ്ഞിക്കാറ്റേ പൂങ്കാറ്റെ
നിന്നോടൊന്നു പറഞ്ഞോട്ടെ
കണ്ടിട്ടൊന്നും മിണ്ടാതെ
മട്ടുന്നെന്തേ ചങ്ങാതി?
ഇലകളെയിക്കിളിയാക്കാനും
പൂക്കൾക്കുമ്മകെടുക്കാനും
പൂമണമേന്തി നടക്കാനും
നിന്നെയാരു പടിപ്പിച്ചു?



# പ്രളയം

ആടിനെ മേയ്ക്കുന്നവർ ഞെട്ടി
കൃഷിക്കാരും ഞെട്ടി
എല്ലാവരും ഞെട്ടി
മഴ മഴ മഴ മഴ
വെള്ളം വെള്ളം
റോട്ടിലും വീട്ടിലും വെള്ളം
നിലവിളി  ഉയരുന്നു
വീമാനത്തിനും മുകളിൽ
വെള്ളമുയരുന്ന വീടുകൾക്കും മുകളിൽ



വെള്ളപ്പൊക്കം വന്നപ്പോൾ  എല്ലാവരും
ഒരുമിച്ച്  ഒറ്റക്കെയെട്ടായി പ്രവർത്തിച്ചു
അങ്ങകലെ മല മേലേ
ഒരു  സ്കൂളുണ്ട് അവിടെയായി
പിന്നീടവരുടേ  താമസം
വെള്ളപ്പോക്കം പോയി
മഴയെല്ലാം കുറഞ്ഞു
എല്ലാവരും വീട്ടിലേക്ക് മടങ്ങി
എല്ലാം  തകർന്നു
എല്ലാം നശിച്ചു
നിലവിളികളുയരുന്നു
നിലവിളികളുയരുന്നു
കാർമേഘത്തിന്നും മുകളിൽ
നിലവിളികളുയരുന്നു
നിലവിളികളുയരുന്നു

അഭിറാം.കെ.വി.
8-B


അശ്വതി രാജീവൻ

# പഴഞ്ചൊല്ലുകൾ

- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം
- ചെമ്മാനം കണ്ടാലമ്മാനം മഴയില്ല
- അന്തിക്കുവന്ന വിരുന്നും മഴയും ഒരു പോലെ
- മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും
- ചിങ്ങത്തിലെ മഴ ചിരിച്ചും കരഞ്ഞും
- ചിങ്ങത്തിലെ മഴ തെങ്ങിനു നന്ന്
- മഴയുമില്ല വിളയുമില്ല
- മഴയെന്നുകേട്ടാൽ മാട്ടുപേടിക്കുമോ ?
- തിരുവാതിരയിൽ തിരുമുറിയാതെ
- വിത്തുഗുണം പത്തുഗുണം
- കളപറിക്കാഞ്ഞാൽ വിളകാണാം
- ചന്തയിൽ വെള്ളരി നടില്ല
- ഞാറ്റുവേല തെറ്റിയാൽ നാടാകെ കഷ്ടം
- നട്ടുതിന്നണം ചുട്ടുതിന്നരുത്
- ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടുപ്പുര
- ഓണംപോലെയാണൊ തിരുവാതിര
- ഓണംമുണ്ടവയറേ ചൂളംപാടിക്കിട
- കാണംവിറ്റും ഓണം ഉണ്ണണം
- ഓണാട്ടാൻ വിതച്ചാൽ ഓണത്തിനു പുത്തരി
- പുഴകടന്ന് ചിറയ്ക്കു പോവുക
- ആറ്റിൽ കളഞ്ഞേച്ച് അരികിൽ തപ്പിയാലോ
- അയലത്തു വിളയിടണം
- കുംഭത്തിൽ നട്ടാൽ കുടത്തോളം മീനത്തിൽ നട്ടാൽ മീൻ കണ്ണിയോളം
- വിയർത്തവൻെറ വിശപ്പിന് സുഖമുണ്ട്

# കടങ്കഥകൾ

- അകത്തുതിരിയിട്ട പുറത്തുമുട്ടയിട്ട

  കുരുമുളക്
- അകത്തുനിന്ന് നോക്കുകാണും കണ്ടതെല്ലാം ഉള്ളിലാക്കും

  ക്യാമറ
- അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാല്

  ചിരവ
- അമ്മ പരപര , മോൾ മിനുമിനു മോളുടെ മോൾ  മണിമണി

  ചക്ക
- അവിടെ കണ്ടു ഇവിടെ കണ്ടു പിന്നെ കണ്ടില്ല

  മിന്നാമിനുങ്ങ്
- അമ്മ കറുകറുത്ത് , മോൾ വെളുവെളുത്ത് മോളുടെ      മോളൊരു സുന്ദരിക്കോത

  വെള്ളില
- വരുമ്പോൾ ഒന്ന്  വിരിഞ്ഞപ്പോൾ ആറ്

  തെങ്ങോല
- അടിപാറ , നടുവടി , തല കാട്

  ചേന

- അടിചെടി , നടുമദ്ദളം , തലനെൽച്ചെടി

  കൈതചക്ക

- അപ്പംപോലെ തടിയുണ്ട് അൽപം മാത്രം തലയുണ്ട്

  ആമ

- അടിക്കാത്ത  മുറ്റത്തിൻപേര് ചെല്ലാമോ ?

  ആകാശം

- അടയുടെയുള്ളിലൊരു പെരുമ്പട

  തേനീച്ചക്കൂട്

- ആകാശത്തൊരു പഞ്ഞിക്കിടക്ക

  മേഘം

  ഇരുട്ടുകാട്ടിൽ കുരുട്ടു പന്നി

  പേൻ

- എനിക്ക്അമ്മ തന്നെ ചേല നനച്ചിട്ടും നനച്ചിട്ടും നനയുന്നില്ല

  ചേമ്പില

- ഇട്ടാൽ പൊട്ടാത്ത ഇംഗ്ലീഷ് മുട്ട

  കടുകു മണി

- ആയിരം തത്തയ്ക്ക് ഒരു കൊക്ക്

  വാഴച്ചുണ്ട്

# മാത്തമാറ്റിക്ക 2018

*2017 ലെ ദേശീയ ഗണിതശാസ്ത്രദിനാചരണവുമായി ബന്ധപ്പെട്ട് 2018 ഓഗസ്റ്റ് 3,4 തീയിതികളിലായി കുറ്റ്യേരി ഗവ : ഹൈസ്കൂളിൽ വച്ച് ' mathematica -2018 ' എന്ന പേരിൽ ദ്വിദിന ക്യാമ്പ് സങ്കടിപ്പിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി . പിപി രമ നിർവ്വഹിച്ചു.*

*3.8.18 ന് മൂന്ന് വിഭാഗങ്ങളിലായി ക്ളാസ്സുകൾ നടന്നു. 10 മുതൽ 12.30 വരെ പത്താം ക്ലാസ്സുകാർക്ക് ഉബൈദ് മാസ്റ്ററും യുപി വിഭാഗക്കാർക്ക് പ്രകാശൻ മാസ്റ്ററും ക്ലാസ്സ് കൈകാര്യം ചെയ്തു. ഇതിനു പുറമേ തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിൽ നിന്ന് ഒരു കുട്ടിയെ വീതം പങ്കെടുപ്പിച്ചു കൊണ്ടുള്ള 'problem solving contest' നടത്തി. 17 വിദ്യാലങ്ങളിലെ കുട്ടികൾ പങ്കെടുത്തതിൽ മൂത്തേടത്ത് ഹൈസ്കൂൾ ഒന്നാം സ്ഥാനവും ജി.എച്ച്. എസ്. പാച്ചേനി , സീതിസാഹിബ് എച്ച്.എസ്.എസ് എന്നിവർ രണ്ടും മൂന്നും സ്ഥനാവും കരസ്ഥമാക്കി. വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് എന്നിവ ഹെഡ്മ മാസ്റ്റർ വിതരണം ചെയ്തു . റിങ്കു ടീച്ചർ , ഉഷടീച്ചർ, ലീന ടീച്ചർഎന്നിവർ എന്നിവർ മൂല്യ നിർണയത്തിൻ നേതൃത്വം നൽകി.*

*ക്യാമ്പിന്റെ രണ്ടാം ദിവസമായ 4/8/18 ന് കൃത്യം 9.30 ന് തന്നെ ക്ലാസ്സ് ആരംഭിച്ചു . ഉമ്മർ മാസ്റ്റർ, ഉണ്ണിമാസ്റ്റർ എന്നിവർ അധ്യാപകരെ കുട്ടികൾക്ക് പരിചയപ്പെടുത്തി. ശ്രീ. പ്രകാശൻ മാസ്റ്റർ , ശ്രീ.മോഹനൻ മാസ്റ്റർ , ശ്രീ.ഉണ്ണികൃഷ്ണൻ മാസ്റ്റർ എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.*

*കുറേ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള കഴിവ് നേടിയെടുക്കുക എന്നതിലുപരി കുട്ടികളെ ഗണിതത്തിലേക്കു നയിക്കാൻഈ ക്യാമ്പ് ഏറെ സഹായിച്ചു . നമ്മുടെവീട്ടിലെ ഒരു ഫാൻ തീരെ ഉപയോഗിക്കാതിരുന്നാൽ കറങ്ങാതാവും എന്നത് പോലെ ചില ഗണിതാശയങ്ങൾ ഉപയോഗിക്കാതിരിക്കുന്ന അത് പാടെ മറന്ന് പോകുന്നതിന് ഇടയാക്കുമെന്ന് ശ്രീ.പ്രകാശൻ മാസ്റ്റർ പറഞ്ഞു. അഞ്ചാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സ് വരെയുള്ള പാഠങ്ങളിലെ ഗണിതാശയങ്ങൾ*

ഓർമിപ്പിക്കിന്നതിനും ഗണിതവും ഭൗതികശാസ്ത്രവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നതിനും ലളിതമായ രീതിയിൽ ബീജഗണിത എന്ന ആശയം കുട്ടികളിലെത്തിക്കുന്നതിനും ഈ ക്യാമ്പ് അവസരമൊരുക്കി . കുട്ടികൾക്കു പുറമേ നമ്മടെ വിദ്യാലയത്തിലെ 13 അധ്യാപകരും മൂത്തേടത്ത് ഹൈസ്കൂളിലെ ഉഷ ടീച്ചറും രണ്ടാം ദിവിസത്തെ ക്യാമ്പിൽ പങ്കെടുത്തു.

